**Malayala Manorma**

**18 June 2018**

**Kochi: Heavy rain, Flood hit**



# മഴ കനത്തു; വീടുകൾ വെള്ളത്തിൽ മുങ്ങി

**പേരണ്ടൂർ കനാൽ നിറഞ്ഞാൽ ആദ്യം വെള്ളം കയറുന്നത് പി ആൻഡ് ടി കോളനിയിലും കമ്മട്ടിപ്പാടത്തും**

കൊച്ചി • മഴ കനത്തതോടെ നഗരമധ്യത്തിൽ പേരണ്ടൂർ കനാലിന്റെ തീരത്തെ പി ആൻഡ് ടി കോളനിയിലും കമ്മട്ടിപ്പാടത്തും വീടുകൾ വെള്ളത്തിലായി. ഇന്നലെ പുലർച്ചെ മുതൽ തന്നെ കനാലിൽ വെള്ളം ഉയർന്നു.

ഉച്ചക്കു വേലിയേറ്റവും കൂടി സംഭവിച്ചതോടെ കനാൽ നിരപ്പിനോളം സ്ഥിതി ചെയ്യുന്ന ഈ കോളനികളിലെ വീടുകളിലേക്കു വെള്ളം കയറി.

മഴപെയ്ത് കനാൽ വെള്ളം തെളിഞ്ഞതിനാൽ പതിവു പോലെ കറുത്ത നിറത്തിലുള്ള മലിന ജലമല്ല ഇത്തവണയെന്നതു മാത്രമായിരുന്നു പ്രദേശ വാസികൾക്ക് ഏക ആശ്വാസം. വൈകിട്ടോടെ കനാലിലെ ജലനിരപ്പ് താഴ്ന്നതോടെ വീടുകൾക്കുള്ളിലെ വെള്ളം കോരിക്കളഞ്ഞാണ് അന്തിയുറങ്ങാൻ വഴി കണ്ടെത്തിയത്. പി ആൻഡ് ടി കോളനിയിൽ 85 കുടുംബങ്ങളും കമ്മിട്ടിപ്പാടത്ത് 90 കുടുംബങ്ങളുമാണ് ചെറിയ വീടുകളിലും കുടിലുകളുമായി തിങ്ങിപ്പാർക്കുന്നത്.

രണ്ടാഴ്ച മുൻപും ഈ കോളനിയിലെ വീടുകളിൽ കനാലിൽ നിന്നുള്ള മലിനജലം കയറിയിരുന്നു. ശുചിമുറി മാലിന്യങ്ങളുൾപ്പെടെ തള്ളുന്ന കനാലിൽ നിന്നുള്ള വെള്ളം കയറുമ്പോൾ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങളും കോളനി വാസികൾ നേരിടുന്നുണ്ട്. പകർച്ച വ്യാധി ഭീഷണിയും ഉയരുന്നു.

പേരണ്ടൂർ കനാലിന്റെ തീരത്തെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളാണ് എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് പിന്നിലുള്ള പി ആൻഡ് ടി കോളനിയും കമ്മിട്ടിപ്പാടവും. കനാൽ നിറഞ്ഞാൽ ആദ്യം വെള്ളം കയറുന്നതും ഇവിടെയാണ്.

നഗരസഭയിലെ ഗാന്ധി നഗർ ഡിവിഷനു കീഴിലുള്ള ഈ പ്രദേശങ്ങളാണിത്. ഈ ഡിവിഷനിലൂടെ പേരണ്ടൂർ കനാലിന്റെ രണ്ട് കിലോമീറ്ററോളം ദൂരം കടന്നു പോകുന്നുണ്ട്.

ഈ ഭാഗത്ത് ഇത്തവണ പോള വാരാൻ പോലും നടപടി സ്വീകരിക്കാത്തതാണു പ്രശ്നം ഗുരുതരമാക്കുന്നതെന്നു കൗൺസിലർ ഡോ. പൂർണിമ നാരായൺ ചൂണ്ടിക്കാട്ടുന്നു.

ഈ ഡിവിഷനിലെ തന്നെ കനാൽ തീരത്തുള്ള കരിത്തല, ഉദയ കോളനികളും വെള്ളപ്പൊക്ക ഭീഷണിയിലാണ്.

## തുടരുന്ന അനാസ്ഥ

വേലിയേറ്റത്തിൽ പോലും വെള്ളം കരകവിയുന്ന പേരണ്ടൂർ കനാലിൽ മഴക്കാലമായാൽ പ്രശ്നം ഗുരുതരമാകുമെന്ന കാര്യം വ്യക്തമാണ്. എന്നിട്ടും മഴക്കാലത്തിനു മുൻപ് പോള വാരാൻ പോലും നഗരസഭ നടപടിയെടുക്കാത്തതിൽ പ്രദേശത്ത് പ്രതിഷേധം ശക്തമാണ്.

പോളയെങ്കിലും വാരിയിരുന്നെങ്കിൽ ഒഴുക്ക് കുറച്ചുകൂടി മെച്ചപ്പെടുമായിരുന്നുവെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ വർഷവും മഴക്കാലം കഴിഞ്ഞ് സെപ്റ്റംബറോടെയാണ് ഇവിടെ കനാൽ കോരലും പോള മാറ്റലും നടന്നതെന്ന് കൗൺസിലർ പറഞ്ഞു. ഒന്നേകാൽ കോടി രൂപയ്ക്ക് കരാർ എടുത്തയാൾ വേണ്ടവിധം ജോലി ചെയ്തില്ലെന്ന പരാതിയുമുണ്ട്.

കേന്ദ്ര നഗര വികസന പദ്ധതിയായ അമൃതിൽ പേരണ്ടൂർ കനാൽ നവീകരണത്തിനായി 16 കോടി രൂപയുടെ പദ്ധതിക്ക് കരാർ ആയെന്നു ചൂണ്ടിക്കാട്ടിയാണ് ഇത്തവണ പതിവ് ചടങ്ങായ പോള വാരലിനു നഗരസഭ നടപടി സ്വീകരിക്കാത്തത്. എന്നാൽ ഈ പദ്ധതി എന്നു നടപ്പാക്കുമെന്ന കാര്യത്തിൽ വ്യക്തതയില്ല.

പി ആൻഡ് ടി കോളനിയിലെ 85 കുടുംബങ്ങളെ തോപ്പുംപടിയിൽ ഫ്ലാറ്റ് നിർമിച്ച് പുനരധിവസിപ്പിക്കാനുള്ള പദ്ധതി ജിസിഡിഎ പ്രഖ്യാപിച്ചിരുന്നു. ഈ മാസം തറക്കല്ലിടുമെന്നായിരുന്നു പ്രഖ്യാപനം.

പി ആൻഡ് ടി കോളനിയിൽ വെള്ളം കയറിയ നിലയിൽ.